തടയണകളുടെ നിർമ്മാണം ഭൂജലവകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. 2015-16 സാമ്പത്തികവർഷം പ്രസ്തുത പദ്ധതിയ്ക്കായി നാൽപ്പത് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം അഞ്ച് തടയണകളുടെ നിർമ്മാണം നടന്നുവരുന്നു. ജലവിതാനം കുറയുന്ന സ്ഥലങ്ങളിൽ ഫണ്ടിന്റെ പരിമിതിയിൽ നിന്നുകൊണ്ട് ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

ചേർത്തലയിലെ പൊതു തോടുകൾ, കനാലുകൾ, കളങ്ങൾ നവീകരണം

140 (4943) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ ജലസേചന വകുപ്പിന്റെ ചുമതലയിൽ ചേർത്തല മണ്ഡലത്തിൽ നവീകരിച്ച പൊതുതോടുകളും കനാലുകളും പൊതുകളങ്ങളും ഏതെല്ലാമാണെന്നും അതിനായി വിനിയോഗിക്കപ്പെട്ട തുക എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ ;

(ബി) ചേർത്തലയിലെ ഏതെല്ലാം പൊതുകളങ്ങൾ കല്ലുകെട്ടി സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ ; ഇവയുടെ നവീകരണ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ചേർത്തലയിലെ നഗരഭാഗത്തോട് ചേർന്നുകിടക്കുന്ന എ.എസ്.കനാൽ, റ്റി.ബി.കനാൽ, മിൽസ് കനാൽ തുടങ്ങിയവയും ഫാക്ടറി മാലിന്യങ്ങൾ അടിഞ്ഞുകൂടി പകർച്ചവ്യാധികളും കാൻസറും അടക്കം ഒട്ടേറെ ആരോഗ്യഭീഷണിക്ക് കാരണമാകുന്ന വാരനാട്-പുത്തോട്ടതോടും വൃത്തിയാക്കി ആഴം കൂട്ടുന്നതിനും നവീകരിക്കുന്നതിനും നിരവധി നിർദ്ദേശങ്ങൾ സമർപ്പിക്കപ്പെട്ടിട്ടും ഇനിയും പരിഗണിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ചേർത്തല മണ്ഡലത്തിൽ തോടുകളും കനാലുകളും ഉൾപ്പെടെ മേജർ ഇറിഗേഷൻ മുഖാന്തിരം എട്ട് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. ഇതിനായി 14,36,400 രൂപ വിനിയോഗിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.* മൈനർ ഇറിഗേഷൻ മുഖാന്തരം അഞ്ച് പൊതു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തോടുകൾ നവീകരിച്ചു. ഇതിനായി 71 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. പൊളുകളങ്ങൾ നവീകരണം നടത്തിയിട്ടില്ല. പ്രവൃത്തികളുടെ വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(ബി) നവീകരണം നടത്തേണ്ട പൊളുകളങ്ങളുടെ പുതുക്കിയ ലിസ്റ്റ് ലഭ്യമാക്കാൻ ചീഫ് എഞ്ചിനീയർ (ഐ&എ)യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുതുക്കിയ ലിസ്റ്റ് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ചേർത്തലയിലെ നഗരഭാഗത്തോട് ചേർന്നുകിടക്കുന്ന എ.എസ്.കനാൽ, റ്റി.ബി. കനാൽ, മിൽസ് കനാൽ, പുത്തോട്ട വാരനാട് തോട് എന്നിവ നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭിക്കുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

കട്ടനാട്ടിലെ പൈപ്പ് ലൈനുകളുടെ അറ്റകുറ്റപണികൾ

141 (4944) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കട്ടനാട്ടിലെ കാലപ്പഴക്കത്തിൽ തകരുന്ന പൈപ്പ് ലൈനുകളുടെ അറ്റകുറ്റ പണികൾക്ക് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പഞ്ചായത്ത് തിരിച്ച് മുമ്പ് നിലവിൽ ഉണ്ടായിരുന്നതുപോലെ വാർഷിക പൈപ്പ് ലൈൻ മെയിന്റനൻസ് കോൺട്രാക്ട് പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ യോഗത്തിൽ സമർപ്പിച്ച അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മുമ്പ് നിലവിലുണ്ടായിരുന്ന അവസ്ഥ പുനഃസ്ഥാപിക്കുന്നതിനായി വാർഷിക അറ്റകുറ്റപ്പണികൾക്ക് ദർഘാസ് ക്ഷണിച്ചിട്ട് ആരും പങ്കെടുത്തിട്ടില്ല. ആയതിനാൽ ആവശ്യാനുസരണം ക്വട്ടേഷനുകൾ ക്ഷണിച്ചാണ് ഇപ്പോൾ അറ്റകുറ്റപ്പണികൾ നടത്തിവരുന്നത്.

കല്ല്യാശ്ശേരി മണ്ഡലത്തിലെ നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമിൽ സമർപ്പിച്ച പ്രവൃത്തികൾ

142 (4945) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly